# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3626 30.01.2014-ൽ മറുപടിയ്ക്ക്

### സ്വർണ്ണക്കടത്തു കേസിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എം. ഹംസ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) സ്വർണ്ണക്കടത്തു കേസുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എത്ര പോലീസുദ്യോഗസ്ഥന്മാർക്കെതിരെ കേസെടുത്തു ; | (എ) കസ്റ്റംസും ഡി. ആർ. ഐ. യും ആണ് ഇതു സംബന്ധമായ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്. സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട് സംസ്ഥാന പോലീസിൽ നിന്നും എമിഗ്രേഷൻ വിഭാഗത്തിൽ ഡെപ്യൂട്ടേഷനിലുണ്ടായിരുന്ന 2 പോലീസുദ്യോഗസ്ഥന്മാർക്കെതിരെ കസ്റ്റംസ് ആക്ട് പ്രകാരം കേസെടുത്തിട്ടുണ്ട്. |
| ബി) ഏതെല്ലാം വകുപ്പുകൾ പ്രകാരമാണ് കേസെടുത്തത് ; ഇനിയും എത്ര ഉദ്യോഗസ്ഥർ സംശയത്തിന്റെ നിഴലിലുണ്ട് ; | (ബി) 1962-ലെ കസ്റ്റംസ് ആക്ടിലെ 135 അടക്കമുള്ള വകുപ്പുകൾ പ്രകാരമാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും കേസുകളിന്മേലുള്ള അന്വേഷണം ഇനിയും പൂർത്തിയായിട്ടില്ലെന്നും ചീഫ് കമ്മീഷണർ ഓഫ് സെൻട്രൽ എക്സൈസ്, കസ്റ്റംസ് & സർവ്വീസ് ടാക്സ്, കൊച്ചിൻ അറിയിച്ചിട്ടുണ്ട്. |
| സി) ഉൾപ്പെട്ട മുഴുവൻ പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെയും നടപടികൾ സ്വീകരിക്കുന്നതിനായി വിശദമായ അന്വേഷണം നടത്തുമോ ? | (സി) ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ കസ്റ്റംസ് ആക്ട് പ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്വർണ്ണക്കടത്തുമായി ബന്ധമുള്ള പോലീസ് ഉദ്യോഗസ്ഥരെ സംബന്ധിച്ച് ജോയിന്റ് ഡെപ്യൂട്ടി ഡയറക്ടർ SIB - യിൽ നിന്നും ലഭിച്ച റിപ്പോർട്ടിന്മേൽ വിശദമായ അന്വേഷണം നടന്നു വരുന്നതായി സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ